# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.341*** **12.11.2019-ൽ മറുപടിയ്ക്ക്**

## <u>നികുതി വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടി</u>

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>„ കെ. രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനം നേരിട്ട രണ്ട് പ്രളയങ്ങൾ മൂലം നികുതി വരുമാനത്തിൽ കാര്യമായ ഇടിവ് സംഭവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2018 ജൂലൈ മാസത്തിൽ 1443.62 കോടി രൂപ ജി.എസ്.ടി. വരുമാനം ലഭ്യമായിടത്ത് ആഗസ്റ്റ് 2018-ൽ 1227.40 കോടി രൂപ മാത്രമാണ് ലഭിച്ചത്. ആയതുപോലെ 2019 ജൂലൈ മാസത്തിൽ 1753.89 കോടി രൂപ ലഭിച്ചിടത്ത് 2019 ആഗസ്റ്റ് മാസത്തിൽ 1637.98 കോടി രൂപ മാത്രമാണ് ലഭിച്ചത്. |
| (ബി) | നികുതി വരുമാനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | നികുതി വരുമാനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.<br>3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. |
| (സി) | നികുതി റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | | |

| | | | |
|---|---|---|---|
| | | | 4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്.<br>5. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേൺ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനുള്ള നടപടികൾ നടന്ന് വരുന്നു. ഇതിലൂടെ നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ച് പിടിക്കാൻ കഴിയും.<br>6. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ച് വരുന്നു.<br>7. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കു |

| | | | |
|---|---|---|---|
| | | | ന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.<br>8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജിൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി നടപ്പാക്കിയ ആംനെസ്റ്റി പദ്ധതി വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി നടപ്പാക്കിയ ആംനെസ്റ്റി പദ്ധതി പ്രകാരം 31.10.2019 ലെ കണക്കനുസരിച്ച് 48043 ഡീലർമാർ അപേക്ഷ സമർപ്പിക്കുകയും ആയതിലൂടെ 390.40 കോടി രൂപ ആംനസ്റ്റി പ്രകാരം തവണകളായി അടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിൽ 78.89 കോടി രൂപ നാളിതുവരെ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | റെയിൽവേ വഴിയുള്ള ചരക്ക് കള്ളക്കടത്ത് നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണെന്നത് കണക്കിലെടുത്ത് അത് തടയുന്നതിന് വേണ്ടി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് സ്ക്വാഡുകൾ നിരന്തരം പരിശോധന നടത്തി ചരക്കുകൾക്ക് ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി ചോർച്ച തടഞ്ഞ് വരുന്നുണ്ട്. |

Puja
സെക്ഷൻ ഓഫീസർ